(ബി) പരാതിയുള്ള സ്ഥലങ്ങളിൽ സർവ്വേ നടത്തി രോഗബാധിതരുടെ കണക്കുകൾ ശേഖരിച്ചിട്ടുണ്ട്. കൂടാതെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ ഉൾപ്പെടുത്തി മെഡിക്കൽ ക്യാമ്പുകൾ നടത്തി രോഗനിർണ്ണയവും ചികിത്സയും നടത്തിയിട്ടുണ്ട്. ഈ പ്രദേശത്തെ ആരോഗ്യപ്രശ്നങ്ങൾ, നിവാരണ മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് പഠിക്കുവാൻ ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ അദ്ധ്യക്ഷനായുള്ള ഒരു വിദഗ്ദ്ധ സമിതിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്.

(സി) എൻഡോസൾഫാൻ ഏരിയൽ സ്പ്രേ ഈ പ്രദേശങ്ങളിൽ നിർത്തി വയ്ക്കുവാൻ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. കൂടാതെ വിദഗ്ദ്ധ സമിതിയുടെ പഠന റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മന്ത്രിസഭ സബ്കമ്മിറ്റികളും ഉപസമിതികളും

1 (2952) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര മന്ത്രിസഭ സബ്കമ്മിറ്റികളും ഉപസമിതികളും രൂപീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് ഏതൊക്കെ ആവശ്യങ്ങൾക്കാണെന്നും ഓരോ സമിതികളും കമ്മിറ്റികളും എത്ര പ്രാവശ്യം എവിടെവച്ചെല്ലാം യോഗം ചേർന്നെന്നും വിശദമാക്കാമോ ;

(സി) റിപ്പോർട്ടുകൾ സമർപ്പിച്ച ഉപസമിതികളുടെയും സബ് കമ്മിറ്റികളുടെയും റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കാമോ ;

(ഡി) ഓരോ കമ്മിറ്റികളിലും ഏതൊക്കെ മന്ത്രിമാരാണ് ഉൾപ്പെട്ടിട്ടുള്ളത് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ-ഡി) മന്ത്രിസഭ ഉപസമിതികൾ മന്ത്രിസഭയെ സഹായിക്കുന്നതിനു വേണ്ടി മന്ത്രിസഭ നിയോഗിക്കുന്നതായതിനാൽ അവയുടെ പ്രവർത്തനത്തിന്റെ വിശദാംശം വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

കേന്ദ്രഗവൺമെന്റിന്റെ വിവിധ പദ്ധതികളെപ്പറ്റി അറിയുന്നതിനും പ്രയോജനപ്പെടുത്തുന്നതിനുമുള്ള സംവിധാനം

2 (2953) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതാതുകാലത്തുള്ള കേന്ദ്രഗവൺമെന്റിന്റെ വിവിധ പദ്ധതികളെപ്പറ്റി അറിയുവാനും അതിൽനിന്ന് പരമാവധി പ്രയോജനം ഉണ്ടാക്കുവാനും സംസ്ഥാനങ്ങൾ സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്ര ബഡ്ജറ്റിൽപ്പെടുന്നതും സംസ്ഥാന ഗവൺമെന്റുകളോ നോൺ ഗവൺമെന്റൽ ഏജൻസികളോ പദ്ധതികളുണ്ടാക്കി കേന്ദ്രത്തിൽ നിന്നും ആനുകൂല്യം നേടേണ്ടതുമായ സ്കീമുകളെപ്പറ്റി സംസ്ഥാന ഗവൺമെന്റ് അറിയുന്നതെപ്രകാരമാണ് എന്ന് വ്യക്തമാക്കുമോ ;

(സി) കേന്ദ്രഗവൺമെന്റിന്റെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ സംസ്ഥാന ഗവൺമെന്റ് പഠിക്കാറുണ്ടോ ;

(ഡി) കാലാകാലങ്ങളിൽ കേന്ദ്രഗവൺമെന്റ് രൂപം കൊടുക്കുന്നതും സംസ്ഥാന ഗവൺമെന്റുകൾ പദ്ധതികളുണ്ടാക്കി ക്ലെയിം ചെയ്യേണ്ടതുമായ സംഗതികളെപ്പറ്റി സംസ്ഥാനത്തിന്റെ ന്യൂഡൽഹിയിലുള്ള റെസിഡന്റ് കമ്മീഷണർ യഥാസമയം വിവരം തരാറുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അതനുസരിച്ച് സംസ്ഥാന ഗവൺമെന്റ് പ്രവർത്തിക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച് സംസ്ഥാനങ്ങൾ നടപ്പാക്കേണ്ട വികസന പദ്ധതികളെ സംബന്ധിച്ച് വിശദവിവരങ്ങൾ അവ നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖകളോടൊപ്പം കേന്ദ്രസർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകൾ സംസ്ഥാനങ്ങളെ കാലാകാലങ്ങളിൽ അറിയിക്കാറുണ്ട്.

ഇതിനുപുറമേ, കേന്ദ്രസർക്കാരിന്റെ വിവിധ മന്ത്രാലയങ്ങളുടേയും വകുപ്പുകളുടേയും മറ്റ് ഏജൻസികളുടേയും വാർഷിക റിപ്പോർട്ടുകളും പ്രവർത്തന റിപ്പോർട്ടുകളും ശേഖരിക്കുകയും അവ വിശദമായി പഠിച്ച് സംസ്ഥാനത്തിന് യോജിച്ച കേന്ദ്ര പദ്ധതികൾ കണ്ടെത്തുകയും ചെയ്യാറുണ്ട്. കേരളത്തിനെ സംബന്ധിച്ചിടത്തോളം സംസ്ഥാന ആസൂത്രണ ബോർഡ് ഇത്തരം റിപ്പോർട്ടുകൾ വിശദമായി പഠിക്കുകയും കേന്ദ്ര പദ്ധതികൾ പ്രകാരമുള്ള സഹായം പരമാവധി പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുകയും ചെയ്യുന്നു.

പ്രത്യേക കേന്ദ്ര പദ്ധതികളെ സംബന്ധിച്ച് സംസ്ഥാന സർക്കാർ വകുപ്പുകൾ അനുയോജ്യമായ പദ്ധതികൾക്കു രൂപം നല്കി ബന്ധപ്പെട്ട കേന്ദ്ര സർക്കാർ വകുപ്പുകൾക്ക് അംഗീകാരത്തിനായി സമർപ്പിക്കും. ഇവയെ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റേയും കേന്ദ്ര സർക്കാരിന്റേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ തമ്മിൽ വിശദമായി ചർച്ചകൾ നടത്താറുണ്ട്. ഡെൽഹിയിൽ പ്രവർത്തിക്കുന്ന റസിഡന്റ് കമ്മീഷണർമാർ പ്രസ്തുത പദ്ധതികൾക്കുള്ള അംഗീകാരം നേടിയെടുക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കും.

പ്രത്യേക കേന്ദ്ര സഹായമുള്ള മുൻഗണനാ പദ്ധതികളെ സംബന്ധിച്ചിടത്തോളം, സംസ്ഥാന മുഖ്യമന്ത്രിമാരും മന്ത്രിമാരും കേന്ദ്ര മന്ത്രിമാരുമായും ആസൂത്രണകമ്മീഷനുമായും ചർച്ചകൾ നടത്തുകയും അവയ്ക്കുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് അഭ്യർത്ഥിക്കുകയും ചെയ്യാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ, കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികൾ തയ്യാറാക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളുന്നതിനും അവയുടെ നിർവ്വഹണം നിരീക്ഷിക്കുന്നതിനുംവേണ്ടി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) പ്രവർത്തിക്കാറുണ്ട്.

എം.പി.-മാരുടെ യോഗങ്ങൾ

3 (2954) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിന്റെ വികസനകാര്യങ്ങൾ ചർച്ച ചെയ്യുവാനും പാർലമെന്റിലും കേന്ദ്രത്തിലും സമ്മർദ്ദം ചെലുത്തുവാനുമായി എം.പി.മാരുടെ എത്ര യോഗങ്ങൾ വിളിച്ചുകൂട്ടിയിട്ടുണ്ടെന്നു അറിയിക്കാമോ ;

(ബി) ഈ യോഗങ്ങളിൽ എം.പി.മാർ എല്ലാവരുംതന്നെ സ്ഥിരമായി പങ്കെടുക്കാറുണ്ടോ എന്നു വ്യക്തമാക്കുമോ ;

(സി) പ്രസ്തുത യോഗങ്ങളിലെ പ്രധാനപ്പെട്ട തീരുമാനങ്ങളും ശുപാർശകളും എന്തായിരുന്നുവെന്നും ഇവയിലേതെല്ലാം ലക്ഷ്യപ്രാപ്തിയിലെത്തിയെന്നും വ്യക്തമാക്കാമോ ;

(ഡി) ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി ചുങ്കം കൂട്ടുക, റബ്ബറിന്റെ അഡ്വാൻസ് ലൈസൻസ് പ്രകാരമുള്ള ഇറക്കുമതി നിരോധിക്കുക, റബ്ബറിനേയും കയറിനേയും കാർഷികോല്പന്നങ്ങളായി പ്രഖ്യാപിക്കുക, കണ്ടെയിനർ ടെർമിനൽ സ്ഥാപിക്കുക, ദേശീയ കോറിഡോർ റോഡ് പദ്ധതിയിൽ കേരളത്തെയും ബന്ധപ്പെടുത്തുക, കേരളത്തിലെ റെയിൽപാതകൾ ഇരട്ടിപ്പിക്കുക, തിരുവനന്തപുരത്തു ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുക എന്നിവയിലോരോന്നിലും സംസ്ഥാന സർക്കാരിന്റെ നിർദ്ദേശങ്ങൾ കേന്ദ്രം സ്വീകരിച്ചിട്ടുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഏഴ് യോഗങ്ങൾ.

(ബി) ഭൂരിഭാഗം എം.പി.മാരും പങ്കെടുക്കാറുണ്ട്.

(സി) കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹാരം നേടുവാൻ തീരുമാനിച്ച പ്രശ്നങ്ങളിൽ പ്രധാനപ്പെട്ടവ അനുബന്ധമായി ചേർത്തിരിക്കുന്നു. ഇവയിൽ ചില ആവശ്യങ്ങളും പദ്ധതികളും ഇതിനകം അനുവദിക്കുകയും മറ്റു ചിലത് സമയബന്ധിതമായി തീർപ്പാക്കാമെന്നുള്ള ഉറപ്പ് സംസ്ഥാനത്തിന്

LIBRARY ARCHIVES Kerala Legislative Assembly